# ശ്ലീഹാക്കാലം

## രണ്ടാം ഞായർ
## വചന വിചിന്തനം
### ലൂക്ക 7,36-50

*യേശു പ്രസംഗിക്കാൻ തുടങ്ങി:*
*"മാനസാന്തരപ്പെടുവിൻ;*
*സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു."*
മർക്കോസ് 4,17

കുറവ് തിരിച്ചറിയാത്തവനായിരുന്നു ഫരിസേയൻ. പക്ഷെ, വിരുന്ന് സമ്മാനിച്ചില്ലെങ്കിലും കുറവ് തിരിച്ചറിഞ്ഞവളാണ് പാപിനിയായ സ്ത്രീ!

ഫരിസേയൻ വിരുന്നൊരുക്കുന്നു. പക്ഷെ, അനുഗ്രഹം കൊണ്ട് സമ്പന്നമാകുന്നത് പാപിനിയായ സ്ത്രീയാണ്. കാരണം, "ഞാൻ നിന്റെ വീട്ടിൽ വന്നു; കാലു കഴുകുവാൻ നീ എനിക്കുവെള്ളം തന്നില്ല. എന്നാൽ, ഇവൾ കണ്ണീരുകൊണ്ട് എന്റെ കാലു കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയുംചെയ്തു. നീ എനിക്കു ചുംബനം തന്നില്ല; എന്നാൽ, ഞാനിവിടെ പ്രവേശിച്ചതുമുതൽ എന്റെ പാദങ്ങൾ ചുംബിക്കുന്നതിൽനിന്ന് ഇവൾ വിരമിച്ചിട്ടില്ല. നീ എന്റെ തലയിൽ തൈലം പൂശിയില്ല, ഇവളോ എന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശിയിരിക്കുന്നു. അതിനാൽ, ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു." (ലൂക്കാ 7,44-47). വി.പത്രോസ്ശ്ലീഹ തന്റെ ലേഖനത്തിൽ കുറിച്ച് വയ്ക്കുന്നു, "സ്നേഹം നിരവധി പാപങ്ങൾ മറയ്ക്കുന്നു" (1പത്രോ 4,9). അമ്മ തല്ലുമ്പോൾ "അമ്മേ" എന്ന് വിളിച്ച് കരയുന്ന കുഞ്ഞ് ചെയ്യാതെ ചെയ്യുന്നത് അമ്മയുടെ കൈയിലെ കുഞ്ഞുവടിയെ താഴെ ഇടുപ്പിക്കലാണ്. കാരണം, "സ്നേഹം നിരവധി പാപങ്ങൾ മറയ്ക്കുന്നു" (1പത്രോ 4,9).

പാപിനിയായ സ്ത്രീയുടെ പ്രവർത്തി ആർക്കും മനസിലാകുന്നില്ല. കണ്ണീരുകൊണ്ട് പാദം കഴുകുക, തലമുടി കൊണ്ട് തുടയ്ക്കുക, പാദങ്ങളിൽ ചുമ്പിക്കുക, തലയിലൊഴിക്കേണ്ട സുഗന്ധദ്രവ്യം കൊണ്ട് ഗുരുവിന്റെ പാദങ്ങളിൽ പൂശുക... പക്ഷെ, ഹൃദയത്തിന്റെ വികാരവിചാരങ്ങളെ വിവേചിച്ചറിയുന്നവന് എല്ലാം മനസിലായി. അവൻ, തന്റെ പരസ്യജീവിതത്തിന് തുടക്കം കുറിച്ച് കൊണ്ട് നടത്തിയ നയപ്രഖ്യാപനത്തിന്റെ പൊരുൾ, "മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 4,17), മനസിലാക്കിയ സ്ത്രീ തന്റെ പാദാന്തികത്തിൽ... അവളുടെ അനുതാപമൂറുന്ന കണ്ണുകളിലേയ്ക്ക് നോക്കി ക്രിസ്തു അരുൾ ചെയ്തു, "ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു" (ലൂക്കാ 7,47). പാപം ക്ഷമിക്കപ്പെട്ടു എന്ന് തിരിച്ചറിവിൽ വിടർന്ന അവളുടെ കണ്ണുകളിലേയ്ക്ക് നോക്കി ക്രിസ്തു വീണ്ടും പറഞ്ഞു, "ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു" (ലൂക്ക 7,48).

എങ്കിൽ, ഇതിനൊരു മറുപുറമുണ്ട്, "ആരോട് അധികം ക്ഷമിക്കുന്നുവോ അവർ അധികം സ്നേഹിക്കുന്നു." ഇന്ന് കുടുംബങ്ങളിൽ സ്നേഹം കുറഞ്ഞ് പോകുന്നുണ്ടെങ്കിൽ അതിനുള്ള കാരണവും ഇത് തന്നെയാണ്, ക്ഷമിക്കാൻ സാധിക്കുന്നില്ല... പൊറുക്കാൻ പറ്റുന്നില്ല. മുറിവുകളും പേറി ജീവിക്കുന്ന വ്യക്തികൾ കൊണ്ട് കുടുംബങ്ങൾ നിറയുന്നു. ഫലമോ, കുടുംബജീവിതം കണ്ണുനീരും വിലാപവുമായി നിറയുന്നു.

അധികം ക്ഷമിച്ചതിന്റെ പേരിൽ അധികം സ്നേഹിച്ചതിന്റെ ഒരു കണ്ണീരലിയിപ്പിക്കുന്ന സംഭവം. 1995 ഫെബ്രുവരി 25നായിരുന്നു ആ സംഭവം.

പെരുമ്പാവൂർ പുല്ലുവഴി സ്വദേശിനിയായ സിസ്റ്റർ റാണി മരിയ (51) ഉദയനഗറിൽനിന്ന് ഇൻഡോറിലേക്കുള്ള യാത്രാമധ്യേയാണ് സമുന്ദർ സിങ്, ജീവൻ സിങ്, ധർമേന്ദ്ര സിങ് എന്നിവരുടെ കുത്തേറ്റ് കൊല്ലപ്പെടുന്നത്. ബസ്സിനുള്ളിലിട്ട് തുരുതുരെ കുത്തിയശേഷം പുറത്തേക്ക് അവരെ വലിച്ചിടുകയായിരുന്നു.

പുല്ലുവഴി വട്ടാലിൽ പൈലിയുടെയും ഏലീശ്വായുടെയും മകളായിരുന്നു ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനിയായിരുന്ന സി. റാണി മരിയ. കാളകൾക്കൊപ്പം തോളിൽ നുകം പേറി ഉഴുതിരുന്ന പട്ടിണിപ്പാവങ്ങൾക്ക് സിസ്റ്റർ സ്വയംപര്യാപ്തതയുടെ പാഠങ്ങൾ പകർന്നുകൊടുത്തു. നാട്ടുമുതലാളിമാരിൽനിന്ന് കൊള്ളപ്പലിശയ്ക്ക് പണം കടംവാങ്ങി കൃഷിചെയ്ത് നശിച്ചവരായിരുന്നു ഗ്രാമീണരിലേറെയും. ബാങ്ക് വായ്പ ലഭ്യമാക്കിയും പുത്തൻ കൃഷിരീതികൾ പരിചയപ്പെടുത്തിയും റാണി അവരെ സ്വാശ്രയത്വത്തിലേക്ക് നയിച്ചു. സഹകരണസംഘവും സ്വാശ്രയസംഘവുമൊക്കെ രൂപവത്കരിക്കാൻ അവരെ പ്രാപ്തരാക്കി. ശുചിത്വമുള്ള ജീവിതരീതി സിസ്റ്റർ അവരെ പരിശീലിപ്പിച്ചു. കുട്ടികളെ സ്കൂളിൽ പറഞ്ഞയച്ചു. സ്ത്രീകൾക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തി. മുതലാളിമാർ കള്ളക്കേസുകളിൽ കുടുക്കി പീഡിപ്പിച്ചവർക്ക് നിയമസഹായം നൽകി. സ്വാഭാവികമായി ഇത് ഒരു വിഭാഗത്തെ പ്രകോപിപ്പിച്ചു. അതിന്റെ അനന്തരഫലമായിരുന്നു നിഷ്ഠുരമായ ആ കൊലപാതകം.

സമുന്ദറും കൂട്ടാളികളും പിടിയിലായി. കേസിൽ ശിക്ഷിക്കപ്പെട്ടത് സമുന്ദർ സിങ് മാത്രം; അതും ജീവപര്യന്തം. ഗൂഢാലോചന നടത്തിയവർ തെളിവുകളുടെ അഭാവത്തിൽ രക്ഷപ്പെട്ടു. അവർ പിന്നെ സമുന്ദറിനെ തിരിഞ്ഞുനോക്കിയില്ല. ഭാര്യയും അയാളെ ഉപേക്ഷിച്ചു. ഇൻഡോർ സെൻട്രൽ ജയിലിലെ ഇരുളിൽ അന്തർമുഖനായി സമുന്ദർ കഴിഞ്ഞുകൂടി.

2002 ആഗസ്ത് 21 സമുന്ദറിന്റെ ജീവിതത്തിലെ മറക്കാനാവാത്ത മറ്റൊരു ദിനമാണ്. അന്ന് രാഖീബന്ധനായിരുന്നു. വൈകിട്ട് അഞ്ചുമണിയോടെ സമുന്ദറിനെ കാണാൻ ഒരു അതിഥിയെത്തി. അത് റാണിയുടെ അനുജത്തി സിസ്റ്റർ സെൽമിയായിരുന്നു. അവർ സ്വന്തം സഹോദരിയുടെ നെഞ്ചിൽ കത്തിയിറക്കിയ കൈകളിൽ രാഖികെട്ടി സമുന്ദറിനെ സഹോദരനായി സ്വീകരിച്ചു. റാണിയുടെ ചോര വീണ ആ കൈകളിൽ ചുംബിച്ചു. ഉലഞ്ഞുപോയ സമുന്ദർ സെൽമിയുടെ കാലുകളിൽ കെട്ടിപ്പിടിച്ച് മാപ്പുചോദിച്ചു. അലറിക്കരഞ്ഞുകൊണ്ട് അയാൾ ആവർത്തിച്ചു:

"ക്ഷമിക്കൂ സഹോദരീ... എന്നോട് ക്ഷമിക്കൂ!"

"ഞാൻ നിന്നോട് പണ്ടേ ക്ഷമിച്ചതാണല്ലോ," സെൽമി പറഞ്ഞു: "ദൈവവും നിന്നോട് ക്ഷമിച്ചിട്ടുണ്ടാകും. നീ ഇനി തളരരുത്. ഞങ്ങളെല്ലാം എന്നും നിനക്കായി പ്രാർഥിക്കുന്നുണ്ട്!"

സമുന്ദറിന്റെ ജീവിതത്തിൽ മറക്കാനാവാത്ത അനുഭവം 2003 ഫിബ്രവരി 24ന് ജയിലിൽ റാണി മരിയയുടെ അമ്മ ഏലീശ്വയും സഹോദരൻ സ്റ്റീഫനും സമുന്ദറിനെ തേടിയെത്തി. സിസ്റ്റർ സെൽമിയും ഒപ്പമുണ്ടായിരുന്നു. മകളെ കൊന്നവന്റെ കൈകളിൽ ഏലീശ്വ ചുംബിച്ചു.

"എന്റെ മകളുടെ രക്തംവീണ കൈകളാണിത്. ഇതിൽ ചുംബിക്കുക എന്റെ ആഗ്രഹമായിരുന്നു!" ആ അമ്മയുടെ വാക്കുകൾ കേട്ട് സമുന്ദർ പൊട്ടിക്കരഞ്ഞു.

"ഇപ്പോൾ എന്തുതോന്നുന്നു?" എന്ന ചോദ്യത്തിന് അല്പസമയത്തെ മൗനത്തിനുശേഷമാണ് സമുന്ദർ മറുപടി പറഞ്ഞത് ഇപ്രകാരമാണ്, "ചിലപ്പോൾ കുറ്റബോധം മനസ്സിൽ നിറയും. മരിച്ചാലോ എന്നുതോന്നും. പിന്നെ വിചാരിക്കും, എല്ലാം ദൈവത്തിന്റെ പദ്ധതിയാണെന്ന്. ഞാനതിലൊരു ഉപകരണം മാത്രം. റാണി മരിയയുടെ രക്തത്തിൽ സ്നാനം ചെയ്യപ്പെട്ടയാളാണ് ഞാൻ. നല്ലതുചെയ്താൽ ഹൃദയത്തിൽ സന്തോഷവും സമാധാനവുമുണ്ടാകുമെന്ന് പഠിച്ചു."

*പാപിനിയായ സ്ത്രീ കുറവ് തിരിച്ചറിഞ്ഞു എന്നതുമാത്രമല്ല, തിരിച്ചറിഞ്ഞ കുറവിനെ അതിജീവിക്കാനുമുള്ള മാർഗ്ഗവും കണ്ടെത്തി എന്നുള്ളതാണ് അവളുടെ മഹത്വം!*

"ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു. ആരോട് അധികം ക്ഷമിക്കുന്നുവോ അവർ അധികം സ്നേഹിക്കുന്നു." എങ്കിൽ, അധികം സ്നേഹം സ്വന്തമാക്കാൻ നാം ചെയ്യേണ്ടത് അധികം ക്ഷമിക്കാൻ പഠിക്കുക എന്നതു മാത്രമാണ്. പക്ഷെ, വിരോധാഭാസം എന്നത്, 'ഏവർക്കും സ്നേഹം വേണം. പക്ഷെ, മറ്റുള്ളവരോട് ക്ഷമിക്കാൻ തയ്യാറുമല്ല' എന്നതാണ്. ക്ഷമിക്കുമ്പോഴാണ് കുടുംബം, വ്യക്തികൾ സ്നേഹത്തിൽ വളരുന്നത്. പൂർവ്വപിതാവായ ജോസഫിന്റെ ജീവിതത്തിലേയ്ക്ക് ഒന്നു നോക്കുക. പ്രിയപ്പെട്ടവർ, സഹോദരങ്ങൾ എന്തുമാത്രം അപരാധങ്ങളാണ് അവന്റെ ജീവിതത്തിലേയ്ക്ക് നൽകിയത്. അതൊക്കെ, ക്ഷമിക്കാനും പൊറുക്കാനും ജോസഫിന് സാധിച്ചപ്പോൾ ആ കുടുംബം ആപ്പന്റെ കീഴിൽ ഒന്നാവുകയാണ്.

അനിയൻ തങ്ങളെക്കാൾ കേമനാകുമോ എന്നുള്ള ഭയത്താൽ ചെയ്യാവുന്ന ക്രൂരതയെല്ലാം ചെയ്ത് ഈജിപ്ത്ക്കാർക്ക് ജോസഫിനെ സഹോദരങ്ങൾ വിൽക്കുന്നു. പക്ഷെ, ദൈവം ജോസഫിന്റെ കൂടെ ഉണ്ടായിരുന്നത് കൊണ്ട് ദൈവം ജോസഫിനെ ഈജിപ്തിന്റെ അധിപനാക്കുന്നു. രാജ്യം കണ്ട കൊടും വരൾച്ചയിൽ അന്നന്നത്തെ അപ്പത്തിനുവേണ്ടി വന്നുനിൽക്കുന്ന സഹോദരങ്ങളോട് ന്യായമായും ജോസഫിന് പ്രതികാരം ചെയ്യാമായിരുന്നു. പക്ഷെ, ദൈവത്തിന്റെ ന്യായം അതല്ല എന്ന് തിരിച്ചറിയുമ്പോൾ ജോസഫ് ക്ഷമിക്കുകയാണ്... പൊറുക്കുകയാണ്. തുടർന്ന്, വചനം സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്;

"സഹോദരങ്ങൾ അടുത്തുചെന്നപ്പോൾ ജോസഫ് പറഞ്ഞു: നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണു ഞാൻ. എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ടാ. കാരണം, ജീവൻ നിലനിർത്താൻവേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കുമുൻപേ ഇങ്ങോട്ടയച്ചത്. നാട്ടിലാകെ ക്ഷാമം തുടങ്ങിയിട്ടു രണ്ടുകൊല്ലമായി. ഉഴവും കൊയ്ത്തുമില്ലാത്ത അഞ്ചുവർഷം ഇനിയുമുണ്ട്. നിങ്ങൾക്കു ഭൂമിയിൽ സന്തതികളെ നിലനിർത്താനും വിസ്മയകരമായരീതിയിൽ രക്ഷ നൽകാനുംവേണ്ടി ദൈവം എന്നെ നിങ്ങൾക്കു മുൻപേ ഇങ്ങോട്ടയച്ചതാണ്. അതുകൊണ്ട് നിങ്ങളല്ല, ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത്" (ഉൽ 45, 4 - 8).

ക്ഷമിക്കുന്നതിന്റെ, മുറിവുകൾ മായ്ച്ച് കളയുന്നതിന്റെ ഓർമ്മ ഇതിനേക്കാൾ നന്നായി വി.ഗ്രന്ഥത്തിൽ നിന്ന് അടർത്തിയെടുക്കാനാവില്ല. മറ്റുള്ളവർക്ക് ജീവിക്കാൻ ഒന്നു കുനിഞ്ഞ് കൊടുക്കുമ്പോൾ സ്വർഗ്ഗത്തിൽ സമ്പാദ്യങ്ങൾ കരുതി വയ്ക്കുകയാണ്. ഓർക്കുക, "ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു" (ലൂക്ക 7,48).

*കുറവിനെ അതിജീവിക്കാൻ ഏത് മാർഗ്ഗവും സ്വീകരിക്കാൻ അവർ തയ്യാറായിരുന്നു. കർത്താവ് നോക്കുന്നത് പരിശ്രമം മാത്രമാണ്.*

**"സമയം പൂർത്തിയായി,**
**ദൈവരാജ്യം സമീപിച്ചിരിക്കുന്നു.**
**അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ."**

മർക്കോ 1,15

ഫാ. ജോബി മേനോത്ത് : +91 944 7777 931